പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *133 — 04.12. 2015-ൽ മറുപടിക്ക്

## പാർട്ണർ കേരള മിഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.മുരളീധരൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പാർട്ണർ കേരള മിഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പ്രദേശിക സർക്കാരുകളിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ് പ്രസ്തുത പദ്ധതി വഴി ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) 1. പാർട്ണർ കേരള മിഷൻ രൂപീകരിച്ച് അതിനെ പിപിപി പദ്ധതികളുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസി ആക്കിയിട്ടുണ്ട്.<br>2. മെസ്സേഴ്സ് കിറ്റ്കോയെ ട്രാൻസാക്ഷൻ അഡൈ്വസറായി നിയമിച്ചിട്ടുണ്ട്.<br>3. പാർട്ണർ കേരളാമിഷൻ പ്രദേശിക സർക്കാരുമായി ഒപ്പുവയ്ക്കേണ്ട എഗ്രിമെന്റ് സർക്കാർ അംഗീകരിക്കുകയും അതാത് പ്രദേശിക സർക്കാരുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.<br>4. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ച് കഴിഞ്ഞിട്ടുണ്ട്. |

5. പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തികം ഉറപ്പു വരുത്തുന്നതിനായി ബാങ്കുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും ചർച്ച നടത്തിയിട്ടുണ്ട്.

6. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്. പുതിയതായി തെരഞ്ഞെടുത്തിട്ടുള്ള ജനപ്രതിനിധികൾക്കായി കിലയുമായി ചേർന്ന് ട്രെയിനിംഗ് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

7. പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിന് മാധ്യമപ്രവർത്തകരെ ഉൾപ്പെടുത്തി വർക്ക് ഷോപ്പുകൾ നടത്തിയിട്ടുണ്ട്.

8. പൊതു സ്വകാര്യ പദ്ധതികളുമായി സംസ്ഥാനത്തുള്ള നിക്ഷേപകർക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നതിനായി 9 ഇൻവെസ്റ്റർ എക്സ്പോസർ മീറ്റുകൾ സംഘടിപ്പിയ്ക്കുകയുണ്ടായി.

10. 45 പദ്ധതികളുടെ സാധ്യതാപഠനം നടത്തിയിട്ടുണ്ട്. അതിൽ 17 പ്രോജക്ടുകളുടെ ആർ. എഫ്. ക്യു. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ